വെളിച്ചം

2024 ജൂൺ 3
പ്രവേശനോത്സവം

തണ്ടാന്മവിള : ഗവ.എസ്. വി. എച്ച്. എസ്.എസ്. കുടശ്ശനാട് സ്കൂളിൽ 2024-25 വർഷത്തെ സമചിതം ആഘോഷിച്ചു.സ്കൂൾ തുറക്കുന്നതിന് രണ്ടാഴ്ചയ്ക്ക് മുമ്പ് തന്നെ വാർഡ് മെമ്പറിന്റെ നേതൃത്വത്തിൽ സ്കൂളും പരിസരവും വൃത്തിയാക്കുകയും ക്ലാസ് മുറികൾ ക്രമീകരിക്കുകയും ചെയ്തു. തുടർന്ന് പിടിഎയുടെയും അധ്യാപകരുടെയും കുട്ടികളുടെയും പ്രവർത്തനഫലമായി നവാഗതരായ കുട്ടികൾ ഉൾപ്പെടെ എല്ലാ കുഞ്ഞുങ്ങളെയും സ്വീകരിക്കുവാനും ആകർഷിക്കുവാനും ഉദവും വിധം സ്കൂൾ ഓഡിറ്റോറിയവും സ്കൂളും കമനീയമായി അലങ്കരിച്ചു. ജൂൺ 3ാം തീയതി രാവിലെ 9:30 മണിയോടെ നവാഗതരായ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി സ്കൂൾ ആഡിറ്റോറിയത്തിലേക്ക് സ്വീകരിച്ചു. ഈശ്വര പ്രാർത്ഥനയോടെ പരിപാടികൾ ആരംഭിച്ചു. പിടിഎ പ്രസിഡന്റ് ശ്രീ. എസ് ആർ മനോജിന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ പ്രിൻസിപ്പൽ ശ്രീ. രാധികാ ദേവി ആർ സ്വാഗതം ആശംസിച്ചു ജില്ലാ ഡിവിഷൻ മെമ്പർ അഡ്വ. തുഷാര കെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി. സുജ ആർ, ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി. മിനി രാജു, SMC ചെയർമാൻ ശ്രീ. ഉമ്മൻ തോമസ്, മുൻ SMC ചെയർമാൻ ശ്രീ മാധവകുറുപ്പ്, പിടിഎ എക്സിക്യൂട്ടീവ് അംഗം ശ്രീ. സുകുമാരൻ അധ്യാപകരായ ശ്രീ. സത്യജ്യോതി.എസ്, ശ്രീ. സെബാസ്റ്റ്യൻ ജി, ശ്രീ വിനോദ് പി, ശ്രീമതി സജീന പി, ഹെഡ്മിസ്ട്രസ് ശ്രീമതി അന്ന റേച്ചൽ വർഗീസ് കൃതജ്ഞത രേഖപ്പെടുത്തിയതിന് ശേഷം കുട്ടികൾക്ക് മധുരം വിതരണം ചെയ്തതോടെ ആഘോഷങ്ങൾക്ക് സമാപനം കുറിച്ചു.

ജൂൺ 5
ലോക പരിസ്ഥിതി ദിനം.

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സ്പെഷ്യൽ അസംബ്ലി നടത്തി. പരിസ്ഥിതി ദിന പ്രതിജ്ഞ ചൊല്ലി. ക്വിസ് മത്സരം പോസ്റ്റർ രചന എന്നിവ നടത്തി. എക്കോ ക്ലബ്ബ്, സ്കൂൾ സോഷ്യൽ സർവീസ് സ്കീം എന്നിവയുടെ നേതൃത്വത്തിൽ നടത്തി. ജൂൺ 12ാം തീയതി മുതൽ 21 വരെയുള്ള ദിവസങ്ങളിൽ വിവിധ പ്രവർത്തനങ്ങൾ നടത്തി. ജൂൺ12ന് കുട്ടികൾ ഔഷധത്തോട്ടം നിർമ്മാണവും ഫലവൃക്ഷത്തൈകൾ നടുകയും ചെയ്തു. കുട്ടികൾ അടുത്തുള്ള പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലം (അമ്മൂമ്മ പാറ) സന്ദർശിച്ചു. പാറയിൽ കാണുന്ന കാൽപാദത്തിന്റെ പാടുകൾ ശ്രീരാമന്റേതാണെന്ന് പറയപ്പെടുന്നു കടുത്ത വേനലിലും പറ്റാത്ത കുളവും പാറയ്ക്ക് ചുറ്റുമുള്ള വയലുകളും മറ്റും ഭൂമിശാസ്ത്രപരമായി അമ്മൂമ്മ പാറ സന്ദർശനം കുട്ടികൾക്ക് ഒരു അനുഭവമായി. ഉപയോഗശൂന്യമായ പേനകളും മറ്റും കുട്ടികൾ വലിച്ചെറിയാതെ ശേഖരിക്കാൻ pen pot സ്ഥാപിച്ചു.

ജൂൺ 19
വായനാദിനം

2024 ജൂൺ 19ന് വായനാദിനം സമുചിതമായ ആചരിച്ചു.
സ്പെഷ്യൽ അസംബ്ലി നടത്തി. ഏഴാം ക്ലാസിലെ ഏഞ്ചൽ എന്ന കുട്ടി പി.
എൻ പണിക്കരുടെ വേഷമണിഞ്ഞ കുട്ടികളെ അഭിസംബോധന ചെയ്തു.
ഹയർസെക്കൻഡറി അധ്യാപിക ശ്രീമതി. ബുഷറ ടീച്ചർ വായനാദിന
മാസാചരണം ഉദ്ഘാടനം ചെയ്തു. സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി. അന്നറേച്ചർ വർഗീസ് വായനാദിന
സന്ദേശം നൽകി. തുടർന്ന് ഉപന്യാസരചന മത്സരം, ക്വിസ്, വായനാ മത്സരം, പോസ്റ്റർ രചന മത്സരം,
വായനക്കുറിപ്പ് മത്സരം എന്നിവ നടത്തി.